# نصيحة الجمعة


تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥


**തീയതി: 10/11/2017** **വിഷയം: ദഅ്‌വത്ത്**

➤ ഇസ്‌ലാം ഖിയാമത്ത് വരെ നിലനിൽക്കേണ്ടതുണ്ട്. കാരണം അത് ദുൻയാവിന്റെയും ആഖിറത്തിന്റെയും മോക്ഷമാർഗ്ഗമാണ്. ഏതെങ്കിലും ഒരു രാജ്യത്ത്, കാലത്ത്, പ്രദേശത്ത്, ഒരു വ്യക്തിയിലോ സമൂഹത്തിലോ എത്താതെ പോയാൽ അത് അവരുടെ പരലോകത്തെ നഷ്ടമാക്കിക്കളയും.

إِنَّ الدِّينَ عِنْدَ اللَّهِ الْإِسْلَامُ * وَمَن يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ ﴿آل عمران: ٨٥﴾

അതുകൊണ്ട് തന്നെ ദീൻ നില നിൽക്കണം.

➤ ഈ ലക്ഷ്യപ്രാപ്തിക്കായി അല്ലാഹു നിശ്ചയിച്ച മാർഗ്ഗമാണ് ദഅ്‌വത്ത്, ഇത് നിർവ്വഹിക്കാൻ ഏൽപ്പിച്ചത് സൃഷ്ടികളിൽ ശ്രേഷ്ടരായ പ്രവാചകന്മാരെയായിരുന്നു. നബി(സ)യുടെ കാലശേഷം ഇത് ഉമ്മത്തിന്റെ പൊതു ബാധ്യതയാക്കി, അഥവാ സാമൂഹ്യബാധ്യതയാക്കി.

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ ۚ وَأُولَٰئِكَ هُمُ الْمُفْلِحُونَ﴿آل عمران: ١٠٤﴾

وَالْمَقْصُودُ مِنْ هَذِهِ الْآيَةِ أَنْ تَكُونَ فِرْقَةٌ مِنَ الْأُمَّةِ مُتَصَدِّيَةً لِهَذَا الشَّأْنِ وَإِنْ كَانَ ذَلِكَ وَاجِبًا عَلَى كُلِّ فَرْدٍ مِنَ الْأُمَّةِ بِحَسْبِهِ ، كَمَا ثَبَتَ فِي صَحِيحِ مُسْلِمٍ عَنْ أَبِي هُرَيْرَةَ قَالَ : قَالَ رَسُولُ اللَّهِ صَلَّى

اللَّهُ عَلَيْهِ وَسَلَّمَ :مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ ، فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ ، فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ ، وَذَلِكَ أَضْعَفُ الْإِيمَانِ (ابن كثير)

➢ ദഅ്‌വത്ത് ഉയർന്ന പ്രതിഫലം ലഭിക്കുന്ന ഉൽകൃഷ്ട കർമ്മമാണ്. മുആദ്(റ)നെ യമനിലേക്ക് അയച്ചപ്പോൾ നബി (സ) പറഞ്ഞു.

عَنِ ابْنِ أَبِي جَعْفَرٍ، أَنّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ حِينَ بَعَثَ مُعَاذًا يُعَلِّمُ الدِّينَ , قَالَ لَهُ:لأَنْ يَهْدِيَ اللَّهُ بِكَ رَجُلًا وَاحِدًا ، خَيْرٌ لَكَ مِنَ الدُّنْيَا وَمَا فِيهَا (الزهد والرقائق لابن المبارك)

അല്ലാഹുവിന്റെ രക്ഷയും മലക്കുകളുടെ പ്രാർത്ഥനയും ലഭിക്കാൻ കാരണമാകും.

عَنْ أَبِي أُمَامَةَ ، قَالَ :قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ :" إِنَّ اللَّهَ وَمَلَائِكَتَهُ وَأَهْلَ السَّمَوَاتِ وَالأَرْضِ حَتَّى النَّمْلَةُ فِي جُحْرِهَا وَحَتَّى الْحُوتُ فِي الْبَحْرِ لَيُصَلُّونَ عَلَى مُعَلِّمِ النَّاسِ الْخَيْرَ (ترمذي)

തന്മൂലം ഓരോരുത്തരും തങ്ങളുടെ മേഖലയിൽ ഇത് പൂർത്തിയാക്കണം. രക്ഷകർത്താവ് തന്റെ ആശ്രിതരിൽ, ഉദ്യോഗസ്ഥൻ തന്റെ സഹപ്രവർത്തകരിൽ, വിദ്യാർത്ഥി സഹപാഠികളിൽ, തൊഴിലാളി തന്റെ കൂട്ടുകാരിൽ. ഇമാം തന്റെ മഹല്ലിൽ.

വിശിഷ്യാ ഒളിച്ചോട്ടവും മത നിരാസവും വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ ഘർവാപ്പസി പോലുള്ള ആസൂത്രിത ശ്രമങ്ങൾ രാജ്യമൊട്ടാകെ നടക്കുമ്പോൾ പ്രത്യേകിച്ചും.

➢ ദഅ്‌വത്തിൽ വീഴ്ച വരുത്തുന്നത് വലിയ നാശത്തിന് നിമിത്തമാകും. കാരണം ഭൂമിയിൽ, ഒരു നാട്ടിൽ, കുടുംബത്തിൽ, തിന്മ നിറയുമ്പോൾ അവിടെ അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങാൻ ഇടയാകും.

ഹദീസിൽ ഇതിനെ ഉപമിച്ചത് കപ്പലിനോടാണ്. കുടിവെള്ളം മുകൾത്തട്ടിലായതിനാൽ താഴെയുള്ളവർ അവിടെ ദ്വാരമുണ്ടാക്കിയാൽ അവർ മാത്രമല്ല, എല്ലാവരും അപകടത്തിലാകും.

عن النعمان بن بشير عن النبي صلى الله عليه وسلم، قال.... فَإِنْ يَتْرُكُوهُمْ وَمَا أَرَادُوا هَلَكُوا جَمِيعًا, وَإِنْ أَخَذُوا عَلَى أَيْدِيهِمْ نَجَوْا وَنَجَوْا جَمِيعًا (بخاري)

(=അവരെയും അവരുടെ ഉദ്ദേശത്തെയും അവഗണിച്ചാൽ അവരും മറ്റുള്ളവരും നശിക്കും. അവരെ തടഞ്ഞാൽ അവരും മറ്റുള്ളവരും രക്ഷപ്പെടും)

➢ ഇസ്രയേല്യരെ ശപിക്കാൻ കാരണം തിന്മയോട് നിസ്സംഗത പുലർത്തിയതാണ്.

لُعِنَ الَّذِينَ كَفَرُوا مِن بَنِي إِسْرَائِيلَ عَلَىٰ لِسَانِ دَاوُودَ وَعِيسَى ابْنِ مَرْيَمَ ۚ ذَٰلِكَ بِمَا عَصَوا وَّكَانُوا يَعْتَدُونَ (٧٨) كَانُوا لَا يَتَنَاهَوْنَ عَن مُّنكَرٍ فَعَلُوهُ ۚ لَبِئْسَ مَا كَانُوا يَفْعَلُونَ (٧٩) ﴿المائدة﴾

عَنْ ابْنِ مَسْعُودٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَمَّا وَقَعَتْ بَنُو إِسْرَائِيلَ فِي الْمَعَاصِي نَهَتْهُمْ عُلَمَاؤُهُمْ فَلَمْ يَنْتَهُوا فَجَالَسُوهُمْ فِي مَجَالِسِهِمْ وَوَاكَلُوهُمْ وَشَارَبُوهُمْ فَضَرَبَ اللَّهُ قُلُوبَ بَعْضِهِمْ بِبَعْضٍ وَلَعَنَهُمْ (ابن كثير)

ഈ ദൗത്യം നിർവ്വഹിക്കാത്തവർക്ക് അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുന്നതും ഇജാബത്ത് ലഭിക്കാതെ പോകുന്നതുമാണ്.

وَعَنْ حُذَيْفَةَ عَنْ النَّبِيِّ (ص) قَالَ وَالَّذِي نَفْسِي بِيَدِهِ لَتَأْمُرُنَّ بِالْمَعْرُوفِ وَلَتَنْهَوُنَّ عَنْ الْمُنْكَرِ أَوْ لَيُوشِكَنَّ اللَّهُ عَزَّ وَجَلَّ أَنْ يَبْعَثَ عَلَيْكُمْ عَذَابًا مِنْ عِنْدِهِ ثُمَّ تَدْعُونَهُ فَلَا يُسْتَجَابُ لَكُمْ (ترمذي)

തന്മൂലം തിന്മക്കെതിരെ സമുദായത്തെ ബോധവൽക്കരിക്കണം. വിശിഷ്യാ സ്ത്രീകളെയും യുവാക്കളെയും, അതിന് കാലത്തിന് ഇണങ്ങിയ മാർഗ്ഗങ്ങൾ രൂപപ്പെടുത്തണം. ശരീഅത്ത് എതിർക്കാത്ത വഴികൾ സ്വീകരിക്കാവുന്നതാണ്.

➢ ഇതര മതവിഭാഗങ്ങൾക്കിടയിലെ ദഅ്‌വത്ത്, ജിഹാദ് പോലെ തന്നെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. ദീനിനെ സംബന്ധിച്ച് അവർക്ക്

സാമാന്യം കേട്ടറിവുണ്ടായാൽ മതി. ഇന്നത്തെ അവസ്ഥയിൽ എതൊരാൾക്കും ഈ കേവല അറിവുണ്ട്.

പള്ളി, ബാങ്ക്, തൊപ്പി, താടി, പർദ്ദ, ഇതെല്ലാം ഇന്ന് പ്രചുരപ്രചാരമായിരിക്കുന്നു. ഇതെല്ലാം ദീനിന്റെ മേൽ അറിയിക്കുന്ന അടയാളങ്ങലാണ്. പത്രം, ടി.വി, സോഷ്യൽ മീഡിയ വഴി ലോകമെങ്ങും ഇസ്‌ലാം അറിയപ്പെട്ടു. വീടുവീടാന്തരം കയറി ഇറങ്ങണമെന്നില്ല. കേട്ടറിവുകൊണ്ട് തന്നെ ദഅ്‌വത്ത് എത്തിക്കഴിഞ്ഞു.

عَنْ أَبِي هُرَيْرَةَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ : وَالَّذِي نَفْسِي بِيَدِهِ لا يَسْمَعُ بِي أَحَدٌ مِنْ هَذِهِ الأُمَّةِ وَلا يَهُودِيٌّ وَلا نَصْرَانِيٌّ فَمَاتَ وَلَمْ يُؤْمِنْ بِالَّذِي أُرْسِلْتُ بِهِ إِلا كَانَ مِنْ أَصْحَابِ النَّارِ(مسلم)

➢ നമ്മുടെ പ്രബോധന പ്രവർത്തനങ്ങൾ മറ്റുള്ളവരെ വെറുപ്പിക്കുന്ന വിധമാകരുത്. മൃദുല, സ്നേഹപുരസ്സരവുമാകണം.

ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ ۖ وَجَادِلْهُم بِالَّتِي هِيَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِ ۖ وَهُوَ أَعْلَمُ بِالْمُهْتَدِينَ ﴿نحل:١٢٥﴾

وَجَادِلْ مُعَانِدِيهِمْ . بِالَّتِي هِيَ أَحْسَنُ بِالطَّرِيقَةِ الَّتِي هِيَ أَحْسَنُ طُرُقِ الْمُجَادَلَةِ مِنَ الرِّفْقِ وَاللِّينِ وَإِيثَارِ الْوَجْهِ الْأَيْسَرِ (بيضاوي)

(=എതിരാളിയോട് നല്ലവിധം സംവദിക്കണമെന്നാൽ: മയത്തോടെ, മൃദുലമായി സുഗമമാംവിധം എന്നാണ്.)

ഫറോവയോട് പോലും ഈ ലൈൻ സ്വീകരിക്കാനാണ് അല്ലാഹു പറഞ്ഞത്.

اذْهَبَا إِلَىٰ فِرْعَوْنَ إِنَّهُ طَغَىٰ * فَقُولَا لَهُ قَوْلًا لَّيِّنًا لَّعَلَّهُ يَتَذَكَّرُ أَوْ يَخْشَىٰ * ﴿طه:٤٣،٤٤﴾

ജനങ്ങളെ വെറുപ്പിക്കുന്ന ശൈലി ഫലപ്പെടില്ല. വിപരീത ഫലമുണ്ടാക്കും.

عنْ أَنَس بْن مَالِكٍ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، أَنَّهُ قَالَ:

يَسِّرُوا ، وَلا تُعَسِّرُوا ، بَشِّرُوا ، وَلا تُنَفِّرُوا (بخاري)

നബി തങ്ങളുടെ പ്രബോധനം ഇതിന നമുക്ക് മാതൃകയാകണം.

നമ്മുടെ പ്രഭാഷണങ്ങൾ, നോട്ടീസ്, പോസ്റ്റർ ഒന്നും തെറ്റിദ്ധാരണ, വിരോധം, അകൽച്ച ഉണ്ടാക്കുന്നതാകരുത്.അതാണ് ശരിയായ പ്രബോധനം. സുമാമ (റ)ന്റെ ചരിത്രം.

■